# പതിനാലാം കേരള നിയമസഭ
# (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2815** **12.03.2018-ൽ മറുപടിയ്ക്ക്**

## മത്സ്യവിത്തുകളുടെ ഉല്പാദനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അൻവർ സാദത്ത് | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| നല്ലയിനം മത്സ്യവിത്തുകളുടെ ഉത്പാദനം വർദ്ധിപ്പിക്കാനും ഗുണമേന്മ ഉറപ്പുവരുത്താനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | നല്ലയിനം മത്സ്യ വിത്തുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി 2017-18 സാമ്പത്തിക വർഷം നിലവിലുള്ള ഫിഷ് സീഡ് ഫാമുകളുടെയും ഹാച്ചറികളുടെയും പുനരുദ്ധാരണത്തിനും പ്രവർത്തനങ്ങൾക്കുമായി 800 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഓരുജല മത്സ്യക്കുഞ്ഞുങ്ങളുടെ വിത്തുൽപ്പാദനത്തിനായി വർക്കല ഓടയത്ത് ഒരു മത്സ്യ വിത്തുൽപ്പാദന കേന്ദ്രം സ്ഥാപിക്കുന്നതിനായി 900 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനു പുറമെ റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റത്തിൽ വളരെയധികം സാധ്യതയുള്ള ഗിഫ്റ്റ് തിലാപ്പിയയുടെ ഹാച്ചറി/ റിയറിംഗ് ഫാമുകൾ തിരുവനന്തപുരം ജില്ലയിലെ നെയ്യാറിലും പത്തനംതിട്ട ജില്ലയിലെ പന്നിവേലിച്ചിറയിലും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കടൽ മത്സ്യകുഞ്ഞുങ്ങളുടെ ഉൽപാദനത്തിനായി ഒരു ഹാച്ചറി വിഴിഞ്ഞത്ത് സ്ഥാപിക്കുന്നതിനായി 1350 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.<br><br>കോഴിക്കോട് ജില്ലയിലെ കല്ലാനോട്, തൃശ്ശൂർ ജില്ലയിലെ പീച്ചി, കൊല്ലം ജില്ലയിലെ കുളത്തുപ്പുഴ, വെസ്റ്റ് കല്ലട, തേവള്ളി എന്നിവിടങ്ങളിൽ പുതിയ ഹാച്ചറികൾ ആരംഭിച്ചു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന 2 കോടി എണ്ണം മത്സ്യവിത്തുകളുടെ ഉല്പാദനം 5.14 കോടിയിലേയ്ക്ക് വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിച്ചു. വരുംവർഷം അത് 8.5 കോടിയായി വർദ്ധിപ്പിക്കാനാണുദ്ദേശിക്കുന്നത്. |

ചെമ്മീൻ വിത്തുകളുടെ വിവിധ ഘട്ടങ്ങളിൽ ഉണ്ടാകാവുന്ന മാരകമായ രോഗങ്ങൾക്ക് കാരണമാകുന്ന നാല് തരം വൈറസുകളുടെ സാന്നിദ്ധ്യം ഉണ്ടോയെന്ന് അഡാക്കിന്റെ പി.സി.ആർ ലാബുകളിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പു വരുത്തി ഫിഷറീസ് വകുപ്പ് / അഡാക്ക് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ് വിത്തുകൾ കർഷകർക്ക് വിതരണം ചെയ്യുന്നത്. മത്സ്യവിത്ത് ഉൽപാദനത്തിന്റെ ഗുണമേൻമയും വിപണനവും സംഭരണവും നിയന്ത്രിക്കുന്നതിനു വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുളള മത്സ്യവിത്ത് ആക്ടും ചട്ടങ്ങളും രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നതോ വിതരണം ചെയ്യപ്പെടുന്നതോ ആയ മത്സ്യവിത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ട് രൂപീകൃതമായിട്ടുളള സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം വിജ്ഞാപനം ചെയ്തു. അതിന്റെ ആസ്ഥാനം കൊല്ലത്ത് പ്രവർത്തനം ആരംഭിക്കുന്നതിനുളള നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ആഫീസർ**